**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1671 04/12/2015-ൽ മറുപടിയ്ക്ക്

## കേരകർഷക പ്രോത്സാഹന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരകർഷകർക്ക് നൽകുന്ന പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) 1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. 2015-16 വർഷവും പദ്ധതി തുടരുന്നുണ്ട്. 2. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന "ഇടുക്കി പാക്കേജ്" പദ്ധതി പ്രകാരം സംയോജിത തെങ്ങുകൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7500/- രൂപ നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) കേരളത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന അത്യുത്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ഏതെല്ലാമാണെന്നും അവ എവിടെയെല്ലാം ലഭ്യമാകുമെന്നും വ്യക്തമാക്കുമോ; | ബി) റ്റിxഡി, ഡിxറ്റി, കുറിയ ഇനം എന്നീ അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സംസ്ഥാനത്തെ കൃഷി |

ഭവനുകളിലൂടെ ജൂൺ, ജൂലൈ മാസങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ തെങ്ങിൻ തൈ നേഴ്സറികളിൽ നിന്നും ഈ കാലയളവിൽ തൈകൾ കർഷകർക്ക് ലഭ്യമാണ്.

| | |
|---|---|
| സി) സംയോജിത നാളികേര വികസന പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യ-ങ്ങളാണ് കർഷകന് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ; | സി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ എന്നിവ നല്കുക, ഇടവിള കൃഷി. രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നല്കി വരുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ അനുവദിക്കുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിന് 5 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. |

ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000/- രൂപ നിരക്കിൽ ധനസഹായം നല്കി വരുന്നു.

നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന "ഇടുക്കി പാക്കേജ്" പദ്ധതി പ്രകാരം സംയോജിത തെങ്ങു കൃഷി വികസന പദ്ധതി ഇടുക്കി ജില്ലയിൽ 2-ാം വർഷം നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 7500/- രൂപ നിരക്കിൽ 805 ഹെക്ടറിന് 60.375 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഡി കൂടുതൽ നാളികേര ഉല്പാദനം ലക്ഷ്യമിട്ട് ഡി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കൂടുതൽ നാളികേര ഉല്പാദനം ലക്ഷ്യമിട്ട് കേരള കൃഷി വകുപ്പ് കേരഗ്രാമം പദ്ധതി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 2015-16-ൽ നടപ്പിലാക്കി വരുന്നു. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ

വസ്തുക്കൾ ഇവ നല്കുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നല്കി വരുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രമത്തിന് 100 എണ്ണം വരെ അനുവദിക്കുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിന് 5 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്.

ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000/- രൂപ നിരക്കിൽ ധനസഹായം നല്കി വരുന്നു.

സെക്ഷൻ ഓഫീസർ